**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2376** **05-02-2026 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ വളാഞ്ചേരി സബ്ട്രഷറി കെട്ടിടത്തിനു ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി സബ്ട്രഷറി കെട്ടിട നിർമ്മാണത്തിനായി ഗ്രാമവികസന വകുപ്പിന്റെ കൈവശമുള്ള കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ പത്ത് സെന്റ് സ്ഥലം ലഭ്യമാക്കണമെന്ന വിഷയത്തിന്മേൽ തദ്ദേശ സ്വയംഭരണ(ആർ.ഇ) വകുപ്പിൽ ആർ.ഇ3/139/2025- ത.സ്വ.ഭ.വ. നമ്പർ ഫയലിൽ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | വളാഞ്ചേരി സബ്ട്രഷറി കെട്ടിട നിർമ്മാണത്തിനായി കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ 10 സെന്റ് സ്ഥലം അനുവദിയ്ക്കുന്നത് സംബന്ധിച്ച വിഷയത്തിൽ ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചതിൽ ചില അപാകതകൾ കണ്ടെത്തിയതിനെ തുടർന്ന് ആയവ പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ പ്രിൻസിപ്പൽ ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന്മേൽ മറുപടി ലഭ്യമായിട്ടില്ല. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം കൂടി ആരാഞ്ഞുകൊണ്ട് ഫയലിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ആവശ്യപ്പെട്ട പ്രകാരമുള്ള റിപ്പോർട്ട് നിയമ വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ടോ; ഭൂമി കൈമാറുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (ബി) | വളാഞ്ചേരി സബ്ട്രഷറി കെട്ടിട നിർമ്മാണത്തിനായി കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ 10 സെന്റ് സ്ഥലം അനുവദിയ്ക്കുന്നത് സംബന്ധിച്ച വിഷയത്തിൽ ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചതിൽ ചില അപാകതകൾ കണ്ടെത്തിയതിനെ തുടർന്ന് ആയവ പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ പ്രിൻസിപ്പൽ ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന്മേൽ മറുപടി ലഭ്യമായിട്ടില്ല. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം കൂടി ആരാഞ്ഞുകൊണ്ട് ഫയലിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ